പരവൂർ നഗരസഭാ ഭരണസമിതി

ചെയർപേഴ്സൺ:

ശ്രീ. ജെ. ജയലാൽ ഉണ്ണിത്താൻ

വൈസ് ചെയർപേഴ്സൺ & ഫൈനാൻസ് കമ്മിറ്റി ചെയർപേഴ്സൺ

ശ്രീമതി ആമിന എച്ച്.

കമ്മിറ്റി അംഗങ്ങൾ

ശ്രീമതി ഷീല. എസ്, ശ്രീ. സുധീർ ചെല്ലപ്പൻ, ശ്രീ. പരവൂർ സജീബ്, ശ്രീമതി സുമി എസ്, ശ്രീമതി സൂര്യ സുനിൽ.

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ശ്രീമതി ഗിരിജ പ്രദീപ്

കമ്മിറ്റി അംഗങ്ങൾ

ശ്രീ. വിഷ്ണു വി.എസ്., ശ്രീമതി ഗീത എസ്., ശ്രീമതി സിന്ധു കെ. ശ്രീ. അശോക് കുമാർ ആർ.കെ.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ശ്രീമതി ബി. സുജാത

കമ്മിറ്റി അംഗങ്ങൾ

ശ്രീമതി അജിമോൾ ജെ., ശ്രീമതി സരിത, ശ്രീമതി സൗമ്യ എൽ., ശ്രീമതി ഖദീജാബീവി

ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ശ്രീ. സതീഷ്കുമാർ ആർ.

കമ്മിറ്റി അംഗങ്ങൾ

ശ്രീമതി രമ്യനാഥ് ആർ., ശ്രീമതി സ്വർണ്ണമ്മ സുരേഷ്, ശ്രീമതി അർച്ചന ബി., ശ്രീമതി ഗായത്രി ജി.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ശ്രീമതി റജില എ.

കമ്മിറ്റി അംഗങ്ങൾ

ശ്രീ. സിറാജുദ്ദീൻ. എൻ , ശ്രീ. വി. പ്രകാശ്, ശ്രീ. പ്രദീപ് ജി., ശ്രീമതി ശശികല പി.എസ്.

വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ശ്രീ. രഞ്ജിത്ത് ബി.സി.

കമ്മിറ്റി അംഗങ്ങൾ

ശ്രീ. സുജാദ് എസ്.ആർ, ശ്രീമതി സുമം എസ്., ശ്രീ. രാജീവ് വി.എസ്., ശ്രീമതി പ്രിജി ആർ. ഷാജി

പരവൂർ നഗരസഭ

കൗൺസിലർമാരുടെ പേര്	വാർഡ്	ഫോൺ നമ്പർ
സുമം. എസ്	1 – പെരുമ്പുഴ	9995173679
സുമി. എസ്	2 – വിനായകർ	9746287960
രമ്യാ നാഥ് .ആർ	3 – നെടുങ്ങോലം	8129200810
സൂര്യ സുനിൽ	4 – പാറയിൽക്കാവ്	9746177097
ജയലാൽ ഉണ്ണിത്താൻ	5 – കൊച്ചാലുംമൂട്	989549127
സരിത. ആർ	6 – പശുമൺ	9847640613
സിന്ധു. കെ	7 – ആയിരവില്ലി	9567538209
അർച്ചന. ബി	8 – പേരാൽ	7025456109
രാജീവ് വി. എസ്	9 – ഒല്ലാൽ	7994095280
അജിമോൾ. ജെ	10 – കൃഷിഭവൻ	9567186221
പ്രിജി എസ് .ആർ	11 – മാർക്കറ്റ്	9895555847
സ്വർണ്ണമ്മ സുരേഷ്	12 – ഠൗൺ	9495051283
വി. പ്രകാശ്	13 – ആറ്റിൻപുറം	9895051283
ശശികല പി. എസ്	14 – പുതിയിടം	9747287295
സതീഷ് കുമാർ. ആർ	15 – കോട്ടമൂല	9895359601
സൗമ്യ. എൽ	16 – നേരുകടവ്	9895721189
റജില. എ	17 – തെക്കുംഭാഗം	9895930043
ആമിന. എച്ച്	18 – പുതിയകാവ്	7907894672
സുജാദ് .എസ്. ആർ	19 – വടക്കുംഭാഗം	8907694355
പരവൂർ സജീബ്	20 – കുരിക്കുളം	85474485411
ഖദീജാബീവി	21 – ചില്ലക്കൽ	9895154508
വിഷ്ണു വി .എസ്	22 – പൊഴിക്കര	8129101691
സിറാജുദ്ദീൻ. എൻ	23 – അഞ്ചലാഫീസ്	9633250183
ഷീല. എസ്	24 – മണിയംകുളം	8943966337
പ്രദീപ് .ജി	25 – കുറുമണ്ടൽ	9995902109
ഗായത്രി. ജി	26 – പുറ്റിങ്ങൽ	9074057972
സുജാത. ബി	27 – റെയിൽവേസ്റ്റേഷൻ	7902797809
സുധീർ ചെല്ലപ്പൻ	28 – പുഞ്ചിറക്കുളം	9895157751
അശോക് കുമാർ ആർ. കെ	29 – കല്ലുംകുന്ന്	9656605367
ഗീത. എസ്	30 – മാങ്ങാക്കുന്ന്	9567507709
ഗിരിജാ പ്രദീപ്	31 – പുക്കുളം	7510814228
രഞ്ജിത്ത് ബി. സി	32 – യക്ഷിക്കാവ്	9020725550

പരവൂർ നഗരസഭ ജീവനക്കാർ

പേര്	തസ്തിക
1 അബ്ദുൽ സജീം. എസ്	സെക്രട്ടറി
2 സുരേഷ്കുമാർ. ജെ	സൂപ്രണ്ട്
അക്കൗണ്ട്സ് വിഭാഗം	
1 ബിബിൻദാസ് വൈ. എസ്	അക്കൗണ്ടന്റ്
2. ഷൈനിമോൾ. വൈ	ക്യാഷ്യർ
3. ഷൈനി ഒ. വി	അക്കൗണ്ട് അസിസ്റ്റന്റ്
ജനറൽ വിഭാഗം	
1. അമീന ഷെരീഫ്	സീനിയർ ക്ലർക്ക്
2. സിനി. എസ്	സീനിയർ ക്ലർക്ക്
3. ഹലീന. ബി	സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്
4. സിജു എസ്	ക്ലർക്ക്
5. അഞ്ജലി വി	ക്ലർക്ക്
6. റഹീല എസ്	ക്ലർക്ക് (സൂപ്പർ ന്യൂമററി)
7. അഖിൽജിത്ത് ജെ. ബി	ഓഫീസ് അറ്റൻഡന്റ്
8. പ്രതിഭ എസ്	ടെക്നിക്കൽ ഓഫീസർ
റവന്യൂ വിഭാഗം	
1. ശാന്തകുമാരി. ഡി	റവന്യൂ ഇൻസ്പെകടർ
2. ഷിജി വിശ്വംഭരൻ	റവന്യൂ ഇൻസ്പെകടർ
3. സുരജ. എസ്	സീനിയർ ക്ലർക്ക്
4. റിജു ആർ. എസ്	ക്ലർക്ക്
5. ശരണ്യ. എസ്	ക്ലർക്ക്
6. ശലഭ് എസ്. ജി	ക്ലർക്ക്
7. ചിഞ്ചു. എസ്	ക്ലർക്ക്
8. ഷീബ. സി	ഓഫീസ് അറ്റൻഡന്റ്
9. ഷീജ. ജെ. എൻ	ഓഫീസ് അറ്റൻഡന്റ്
ഹെൽത്ത് വിഭാഗം	
1. ശ്രീകുമാർ. എസ്	ക്ലീൻ സിറ്റി മാനേജർ
2. ശ്രീകുമാർ എം.ആർ	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I
3. സുജി. എസ്	സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
4. ജോഷി വർഗ്ഗീസ്	സീനിയർ ക്ലർക്ക്
5. ദീപ്തി. എസ്	സീനിയർ ക്ലർക്ക്
6. ശ്രീജ. ജി	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I
7. ദിവ്യ. സി. എസ്	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
8. ആശ. കെ	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
9. ശാലിനി. എം .എസ്	പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

10. പ്രബൽ കീർത്തി സയോഗ്	ഓഫീസ് അറ്റൻഡന്റ്
11. രജീഷ് കുമാർ എസ്. എസ്	ഡ്രൈവർ
12. അനിത എ.	ഡേറ്റാ എൻട്രി ഓപ്പറേറ്റർ
13. ജുഹീന. ജെ	യങ്ങ് പ്രൊഫഷണൽ (ശുചിത്വമിഷൻ)
14. ഹരികൃഷ്ണൻ. ആർ	ഹരിത സഹായ സ്ഥാപന കോഡിനേറ്റർ
എഞ്ചിനിയറിങ്ങ് വിഭാഗം	
1. ദീപക് വി. വി	അസിസ്റ്റന്റ് എഞ്ചിനിയർ
2. ദീപ ഭാസ്കർ	സീനിയർ ക്ലർക്ക്
3. സുമ. എസ്	സീനിയർ ക്ലർക്ക്
4. ആശ ആനന്ദ്	പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് I
5. ഗിരീഷ് കുമാർ.. കെ	പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് II
6. സ്റ്റെല്ല എൻ. എസ്	പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് III
7. അശ്വനി. ഡി	പബ്ലിക് വർക്സ് ഓവർസിയർ ഗ്രേഡ് III
8. ബിനു. ആർ	ഡ്രൈവർ
അയ്യൻകാളി നഗരതൊഴിലുറപ്പ് വിഭാഗം	
1 ഉഷാകുമാരി. എൽ	ഓവർസീയർ
2 അമൃതദേവ്	അക്കൗണ്ടന്റ് കം ഐ. റ്റി അസിസ്റ്റന്റ്
കുടുംബശ്രീ	
രേഖ. സി	: ചെയർപേഴ്സൺ
സരിത. ആർ	: വൈസ് ചെയർപേഴ്സൺ
സുജി. എസ്	: മെമ്പർ സെക്രട്ടറി
രേഖ പി. എസ്	: അക്കൗണ്ടന്റ്
അജിത് ജി. ജെ	: സിറ്റി മിഷൻ മാനേജർ (NULM)
റജീന എം. എസ്	: കൂമ്മ്യൂണിറ്റി ഓർഗനൈസർ (NULM) :

നിർവ്വഹണ ഉദ്യോഗസ്ഥർ

	പേര്	തസ്തിക
1	അബ്ദുൽ സജീം. എസ്	സെക്രട്ടറി, പരവൂർ നഗരസഭ
2	ദീപക് വി. വി	മുനിസിപ്പൽ എഞ്ചിനീയർ, പരവൂർ നഗരസഭ
3	ഡോ.സുധീർ ജേക്കബ്	മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ
4	ശ്രീദേവി. എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ
5	ഡോ. സ്മിത പി.എസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)
6	ഡോ. ഷമ്മി എ	മെഡിക്കൽ ഓഫീസർ (ആയൂർവേദം)
7	ഡോ. ഗോഡ്ഫ്രെ ലോപ്പസ്. റ്റി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. പൊഴിക്കര)
8	പാർവ്വതി എം.എസ്	കൃഷിഓഫീസർ
9	ഡോ. സജീന പി .എ	സീനിയർ വെറ്റിനറി സർജൻ
10	ചിഞ്ചുമോൾ. എ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
11	ശ്രീകുമാർ എം. ആർ	പ്രോജക്ട് ഓഫീസർ
12	ഡോ. മായ	പ്രിൻസിപ്പാൾ തെക്കുംഭാഗം (ജി.എച്ച്.എസ്.എസ്)
13	ശ്രീകുമാർ. എസ്	ക്ലീൻ സിറ്റി മാനേജർ
14	.ശ്രീകുമാർ. എസ്	വ്യവസായഓഫീസർ
15	സുമ എസ്. പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
16	സുജി. എസ്	മെമ്പർ സെക്രട്ടറി

പരവൂർ നഗരസഭ - ബഡ്ജറ്റ് 2026-27

ആമുഖ പ്രസംഗം

ബഹുമാനപ്പെട്ട വൈസ്ചെയർപേഴ്സൺ ശ്രീമതി. എച്ച് ആമീന പ്രിയപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ കൗൺസിൽ അംഗങ്ങൾ സ്നേഹം നിറഞ്ഞ നഗരനിവാസികളേ, സെക്രട്ടറി നഗരസഭ ജീവനക്കാർ മാധ്യമ സുഹൃത്തുക്കളെ,

പരവൂർ നഗരസഭയുടെ 2026/2027 വർഷത്തെ കരട് ബഡ്ജറ്റും ഈ കൗൺസിലിന്റെ ആദ്യത്തെ ബഡ്ജറ്റുമാണ് ബഹു. വൈസ് ചെയർപേഴ്സൺ അവതരിപ്പിക്കുന്നത് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷമാണെന്ന സവിശേഷതകൂടി ഈ ബഡ്ജറ്റിന് ഉണ്ട്.

കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനം ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷമായ ഒരു ജനാധിപത്യ മാതൃകയാണ്. പങ്കാളിത്തഭരണം, സാമൂഹിക നീതി, സുസ്ഥിര വികസനം, തദ്ദേശസ്വയം ഭരണം എന്നീ തത്വങ്ങളിൽ വേരുന്നിയാണ് നവകേരളസൃഷ്ടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

പ്രാദേശിക സംവിധാനമെന്ന നിലയിൽ ജനങ്ങളുടെ പ്രശ്നങ്ങളും, ആവശ്യങ്ങളും നേരിട്ടറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തുന്നതിൽ പ്രവർത്തിക്കേണ്ടതുണ്ട്. നാം നേരിടുന്ന പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കാനും നേടിയ നേട്ടങ്ങൾ പ്രതിഞ്ജാബദ്ധതയോടെ നില നിർത്തുവാനും നമുക്ക് കഴിയണം.

ഏവർക്കും അറിയാവുന്നതുപോലെ ഇന്നത്തെ നഗരഭരണം നിലനിൽക്കുന്നതും പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുന്നതും കേന്ദ്രസംസ്ഥാന സർക്കാരുകൾ നൽകുന്ന ഫണ്ടുകൾ കൊണ്ടാണ്. അതിനർത്ഥം നമ്മൾ സാമ്പത്തികമായി സ്വയം പര്യാപ്തമല്ലെന്നാണ്. ആതയിനാൽ നമ്മൾ സ്വന്തം കാലിൽ നിൽക്കുവാനുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടതാണ്. നൂതന വരുമാന സ്രോതസ്സുകൾ കണ്ടെത്തുവാനും, നവസംരഭങ്ങൾ കണ്ടെത്തുവാനും അതിലൂടെ വരുമാനം കണ്ടെത്തുവാനും വിപണന രംഗത്ത് സംഭവിച്ച് കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും വിവരസാങ്കേതികവിദ്യ തലത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്നും ഉദ്പാദന വിപണന തന്ത്രങ്ങൾ പ്രാദേശിക സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വരുമാനം കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നീ കാഴ്ചപ്പാടുകൾ ആണ് ഈ ഭരണസമിതിക്ക് ഉള്ളത്.

പ്രാദേശിക സാമ്പത്തികവികസനം എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികളായ സംരംഭകത്വ വികസനം, വിഞ്ജാന കേരളം, ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസ് ഭാഗമായുള്ള ഉദാര ലൈസൻസ് വ്യവസ്ഥകൾ നടപ്പിലാക്കുവാൻ നമുക്ക് കഴിയണം.

ഇന്നിവിടെ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റ് സമഗ്രമായി പരിശോധിച്ച് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും ശേഷം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരവൂർ നഗരസഭയുടെ 2026 2027 വർഷത്തെ കരട് ബഡ്ജറ്റ് കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നതിനായി ബഹുമാന്യയായ വൈസ്ചെയർപേഴ്സനെ വിനയപൂർവ്വം ക്ഷണിക്കുന്നു.

ജെ. ജയലാൽ ഉണ്ണിത്താൻ
നഗരസഭാ ചെയർപേഴ്സൺ

പരവൂർ നഗരസഭ
കരട് ബഡ്ജറ്റ് 2026-27
ബഡ്ജറ്റ് പ്രസംഗം

ബഹുമാനപ്പെട്ട നഗരസഭ ചെയർ പേഴ്സൺ ശ്രീ. ജെ. ജയലാൽ ഉണ്ണിത്താൻ വികസന കാര്യസമിതി ചെയർപേഴ്സൺ ശ്രീമതി. ഗിരിജ പ്രദീപ്, ക്ഷേമകാര്യ സമിതി ചെയർപേഴ്സൺ ശ്രീമതി. സുജാത, ബി, ആരോഗ്യ കാര്യസമിതി ചെയർപേഴ്സൺ ശ്രീ.സതീഷ്കുമാർ. ആർ, പൊതുമരാമത്ത് സമിതി ചെയർപേഴ്സൺ ശ്രീമതി. എ.റെജില വിദ്യാഭ്യാസ സമിതി ചെയർപേഴ്സൺ ശ്രീ. രഞ്ജിത്ത്. ബി. സി, പ്രിയപ്പെട്ട കൗൺസിൽ അംഗങ്ങൾ നഗരസഭ സെക്രട്ടറി നഗരസഭയിലേയും ഘടകസ്ഥാപനങ്ങളിലേയും ജീവനക്കാർ മാധ്യമ സുഹൃത്തുക്കൾ പ്രബുദ്ധരായ പരവൂരിലെ മുഴുവൻ പൗരാവലിയെയും നഗരസഭയുടെ വൈസ് ചെയർപേഴ്സൺ എന്ന നിലയിൽ ബജറ്റ് സമ്മേളനത്തിലേയ്ക്ക് ഹാർദമായി സ്വാഗതം ചെയ്യുന്നു.

പരവൂർ നഗരസഭയുടെ 7-ാമത് കൗൺസിലിന്റെ ആദ്യവാർഷിക ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. 1994 ലെ കേരളമുനിസിപ്പൽ നിമയത്തിലെ വകുപ്പ് 285 മുതൽ 293 വരെയുള്ള വകുപ്പുകളും 2007 ലെ കേരളമുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 63 പ്രകാരമുള്ള വ്യവസ്ഥകളുടെയും, ഇൻഫർമേഷൻ കേരളമിഷൻ തയ്യാറാക്കിയ കെസ്മാർട്ട് ഫയൽ മാനേജ്മെന്റ് സിസ്റ്റത്തിലൂടേയുമാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. വാർഡ് സഭകൾ വർക്കിംഗ് ഗ്രൂപ്പ്കൾ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥർ നഗരസഭയിലേയും, ഘടകസ്ഥാപനങ്ങളിലേയും മേധാവികൾ വികസന സെമിനാർ എന്നിവിടങ്ങളിൽ നിന്നും ഉയർന്ന് വന്ന ക്രിയാത്മക നിർദ്ദേശങ്ങൾ സുഷ്മമായി പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് നഗരസഭയുടെ 2026 27 ലെ കരട് ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. ആതയിന് നമ്മോടൊപ്പം സഹകരിച്ച് പ്രവർത്തിച്ച് എല്ലാവർക്കുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. ഇവിടെ അവതരിപ്പിക്കുന്ന ഈ ബഡ്ജറ്റിൻ മേൽ ബഹുമാനപ്പെട്ട കൗൺസിൽ അംഗങ്ങളുടെ തുടർന്നുള്ള വിശദമായ പരിശോധനയും വിലയേറിയ നിർദ്ദേശങ്ങളും ഉണ്ടാകണമെന്നും അത് പരവൂരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊർജ്ജമാകുമെന്നും പ്രത്യാശിക്കുന്നു.

അധികാരം സാധാരണ ജനങ്ങളിലെത്തുന്ന ഭരണസംവിധാനമാണ് ജനാധിപത്യ രാജ്യത്തിന്റെ അടിത്തറ പ്രദേശിക ഭരണകുടങ്ങളാണ് അധികാരം ഒരിടത്ത് നിക്ഷിപ്തമാകാതെ അതിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നത്. ഇന്ത്യയെപൊലെ വിപുലവും വൈവിധ്യപൂർണ്ണവുമായ ഒരു രാജ്യത്ത് ഗ്രാമതലത്തിലും നഗരതലത്തിലും ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ട്. കാര്യക്ഷമമായ ഭരണം സാധ്യമാക്കുന്നത് ഈ പ്രദേശിക ഭരണകുടങ്ങളാണ്. ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് എന്നീ ത്രിതല സംവിധാനങ്ങളും നഗരങ്ങളിലെ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും ഉൾപ്പെടുന്നതാണ് ഈ വ്യവസ്ഥ. എഴുതപ്പെട്ട ചരിത്രത്തിനും എത്രയോ മുൻപ് ആരംഭിച്ച് പലവൈദേശിക പാരമ്പര്യത്തിലൂടെ പുലർന്ന ഇന്ത്യൻ പ്രാദേശിക ഭരണക്രമം കേവലം സ്ഥിതിവിവര കണക്കിൽ ഒതുങ്ങുന്നതല്ല. സ്വാതന്ത്ര്യാനന്തരം മഹാത്മാഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സങ്കല്പവും ഡോ. ബി. ആർ. അംബേദ്കറുടെ വിമർശനങ്ങളും ഉൾചേർത്ത് ബൽവന്ത് റായിമേത്ത അശോക്മേത്ത പി.കെ.തുംഗൻ തുടങ്ങിയ വിവിധകമ്മിറ്റികളുടെ ശുപാർശകൾ വഴി ശക്തിയാർജ്ജിച്ച ഒരു പ്രാദേശികഭരണകൂട ചരിത്രമാണ് ഇന്ത്യയ്ക്ക് ഉള്ളത്. സ്വാതന്ത്ര്യാനന്തരം 1950 ജനുവരി 26 ന് ഇന്ത്യയിൽ ഭരണഘടന നിലവിൽ വരുകയും ഇന്ത്യ ഒരു റിപ്പബ്ലിക്കായും ജനങ്ങൾ പരമാധികാരികളായും പ്രഖ്യപിക്കപ്പെട്ടെങ്കിലും പ്രാദേശിക ഭരണസംവിധാനങ്ങളെ കുറിച്ചുള്ള പരാമർശം ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഒതുങ്ങി എന്നാൽ 1992 ൽ ഭരണഘടനയുടെ 73,74-ാം ഭേദഗതി പ്രകാരം യഥാക്രമം പഞ്ചായത്ത്കളും നഗരസഭകളും പ്രാദേശിക സർക്കാരുകളായി പ്രഖ്യാപിക്കുകയും നഗരസഭകളുടെ രൂപീകരണവും ഉത്തരവാദിത്വങ്ങളും ഭരണഘടനയുടെ 12-ാം പട്ടികയിൽ ചേർക്കുകയും ആസൂത്രിത വികസനത്തിനും തദ്ദേശകാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തി സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുകയും സാമ്പത്തിക വികസനത്തിനും സാമൂഹ്യ

നീതിയ്ക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള ചുമതലകൾ ലഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരളത്തിൽ 1994 ൽ കേരള മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും നിലവിൽ വരുകയും ആയതിന് അതാത് കാലങ്ങളിൽ ഭേദഗതികൾ ഉൾപ്പെടെ വരുത്തികൊണ്ട് നഗര ഭരണ സംവിധാനം സുതാര്യവും കാര്യക്ഷമവുമായി നടത്തി കൊണ്ട് പോകുന്നതിന് ആവശ്യമായ നിയമ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ള വിവരം നാം ഏവർക്കും അറിവുള്ളതാണല്ലോ. തുടർന്ന് 1995 സെപ്റ്റംബറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ആദ്യ തെരഞ്ഞെടുപ്പ് നടക്കുകയും ഭരണഘടന പിൻബലമുള്ള നഗരഭരണ സ്ഥാപനങ്ങൾ 1995 ഒക്ടോബർ 2 ന് അധികാരം ഏൽക്കുകയും ചെയ്തു. കൃഷി, മൃഗസംരക്ഷണം, മത്സ്യമേഖല, സാമൂഹ്യനീതി, വിദ്യാഭ്യാസം തുടങ്ങിയ സർക്കാർ വകുപ്പുകൾ നഗരസഭകളുടെ ഘടക സ്ഥാപനങ്ങളായി കൂട്ടിചേർക്കുകയും 1996 ൽ സംസ്ഥാന ആസൂത്രണവകുപ്പിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും മേൽനോട്ടത്തിൽ ജനകീയ ആസൂത്രണപദ്ധതി നിലവിൽ വരുകയും ചെയ്തു. അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി 1999 ലും 2000 ലും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ നിയമഭേദഗതികൾ കൊണ്ട് വരുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ കരുത്തുറ്റ സ്ഥാപനങ്ങളായി വളരുകയും ചെയ്തു. 2022 ൽ വിവിധ തട്ടുകളിലായി നിലനിന്നിരുന്ന പഞ്ചായത്ത്, നഗരകാര്യം, തദ്ദേശസ്വയംഭരണ ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം, നഗരഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ സംയോജിപ്പിച്ച് കൂടുതൽ വേഗത്തിലും കാര്യക്ഷമമായും വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യ പ്രാപ്തിയ്ക്ക് വേണ്ടി സംസ്ഥാനത്തിന്റെ പുതിയ സാമൂഹിക വികസന മാതൃകയായി ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രഖ്യാപിച്ചു.

പ്രാദേശികമായി സമ്പത്ത് ഉല്പാദനം കൂട്ടിയും സേവന രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തിയും ജനങ്ങളിൽ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് പ്രാദേശിക സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും അത് വഴി സമഗ്ര സാമൂഹിക വികസനം സാധ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി മുന്നോട്ട് പേവുകയാണ്. അതായത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി കേരളഗവൺമെന്റ് പ്രാദേശിക സർക്കാരുകളുടെ വികസനത്തിനായി ഏകദേശം 30% തുക ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുകയാണ്. 2026 27 വർഷത്തിൽ 10,189 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% തുക ജനറൽ പർപ്പസ് ഫണ്ടായും 5.75% തുക മെയിൻറനൻസ് ഗ്രാന്റായും 2.5% തുക മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഇനത്തിലും നഗരസഭകൾക്കും ലഭിക്കുന്നു. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്, അമൃത് പദ്ധതി, സ്വച്ഛ്ഭാരത് മിഷൻ, ദേശീയ നഗര ഉപജീവന മിഷൻ, പി എം എ വൈ, സമഗ്ര ശിക്ഷാകേരള നവകേരള പദ്ധതി, കെ.എസ്.ഡബ്ല്യൂ.എം.പി, എം.പി/എം.എൽ.എ ഫണ്ടുകൾ ദുരന്തനിവാരണ പദ്ധതി വിവിധ വായ്പകൾ, സി.എസ്.ആർ ഫണ്ടുകൾ തുടങ്ങി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും സ്വകാര്യമേഖലകളുടേയും വിവിധ പദ്ധതികളിലൂടേയുള്ള ഫണ്ടുകൾ നഗരസഭയ്ക്ക് ലഭിക്കുന്നു. കൂടാതെ നഗരസഭകളുടെ തനത് വരുമാന സ്രോതസ്സുകളായ കെട്ടിടനികുതി, തൊഴിൽ നികുതി മൃഗങ്ങളുടേയും യാനപാത്രങ്ങളുടേയും മേലുള്ള നികുതി, പരസ്യനികുതി, പ്രദർശന നികുതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, ശിക്ഷകൾ, പിഴകൾ, വാടക എന്നിവയിൽ നിന്നും വരുമാനം ലഭിക്കുന്നു.

നഗരസഭകൾക്ക് ലഭിക്കുന്ന വരുമാനത്തോടൊപ്പം ചെലവുകളും ഉണ്ട്. പ്രധാനമായും പദ്ധതി ചെലവുകളും, പദ്ധതി ഇതര ചെലവുകളുമാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ കഴിച്ചുള്ള മിച്ച ഫണ്ടും വായ്പകളും ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുന്നത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയ്ക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും അനുസൃതമായി തയ്യാറാക്കിയ പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി തുക ചെലവഴിക്കുന്നു. ആസ്തി സംരക്ഷണ ഫണ്ട് വകയിരുത്തി ചെലവാക്കുന്ന തുകയും പദ്ധതി ചെലവുകളുടെ ഭാഗമാണ്. പ്രധാനമായും പദ്ധതി ഇതര ചെലവുകളായി വരുന്നത് ദൈനംദിന ഭരണവുമായി ബന്ധപ്പെട്ട് വരുന്ന കണ്ടിജൻസി ചെലവുകളാണ്. ജീവനക്കാരുടെ ശമ്പളം ആഫീസ്

സ്റ്റേഷണറി സാധനങ്ങൾ വാങ്ങൽ, ഇന്ധന ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപണികൾ, വൈദ്യുതി ചാർജ്ജ്, വെള്ള ചാർജ്ജ്, തുടങ്ങിയവ ഇതിൽ ഉൾപ്പെടും കൂടാതെ സേവന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ, അസാധാരണ ചെലവുകൾ (സംഭാവന നൽകൽ, പ്രമുഖവ്യക്തികളുടെ സ്വീകരണം തുടങ്ങിയവ) അടിയന്തിര സാഹചര്യ ചെലവുകൾ, ക്ഷേമപെൻഷനുകൾക്ക് തുക വിനിയോഗം എന്നിവ നഗരസഭയുടെ പദ്ധതി ഇതര ചെലവുകളിൽ ഉൾപ്പെടും . പരവൂർ നഗരസഭ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളിൽ ബഹു ഭൂരിഭാഗവും പദ്ധതി ചെലവുകളാണ്. നഗരസഭയുടെ തനത് വരുമാനം വളരെ കുറവായതിനാൽ പദ്ധതി ഇതര ചെലവുകൾക്ക് മാത്രമാണ് തനത് ഫണ്ട് ഉപയോഗപ്പെടുത്താൻ കഴിയുന്നത്.

അക്കൗണ്ടിങ് നഗരസഭയുടെ വരവ് ചെലവ് കണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനത്തിൽ കെ. സ്മാർട്ട് വഴി തയ്യാറാക്കുകയും, രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത് അവയുടെ പ്രതിമാസ പരിശോധനയിലൂടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും വർഷാവസാനം വാർഷിക കണക്കുകളും ധനകാര്യ പത്രികയും തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയും ചെയ്യുന്നു.

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾ പ്രധാനമായും ഉല്പാദനമേഖല, സേവനമേഖല, പശ്ചാത്തലമേഖല, എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ചാണ് നടത്തപ്പെടുന്നത്. കൃഷി, ജലസേജനം, മണ്ണ്, മണ്ണ് സംരക്ഷണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, മൃഗസംരക്ഷണം ക്ഷീരവികസനം, ഊർജ്ജോല്പാദനം എന്നിവ ഉല്പാദനമേഖലയിലെ പദ്ധതികളാണ്. വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വികസനം, യുവജനക്ഷേമം, പാലിയേറ്റീവ് പരിചരണം, പാർപ്പിടം, കുടിവെള്ളം, ശുചിത്വമാലിന്യ സംസ്കരണം മുതലായവ പ്രദാനം ചെയ്യുന്ന പ്രോജക്ടുകൾ സേവനമേഖലയിൽ ഉൾപ്പെടും. റോഡ്, പാലങ്ങൾ ബസ്കാത്തിരിപ്പ് കേന്ദ്രങ്ങൾ നടപാതകൾ, ഓഫീസ് കെട്ടിടങ്ങൾ, എന്നിവയുടെ നിർമ്മാണം റോഡുകൾ, നീർച്ചാലുകൾ, കുളങ്ങൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം എന്നിവ പശ്ചാത്തലമേഖലയിൽ ഉൾപ്പെടും.

നമ്മുടെ ഭരണസമിതി അധികാരത്തിൽ വന്നിട്ട് മൂന്നു മാസങ്ങൾ പിന്നിട്ട സാഹചര്യത്തിലാണ് ബഡ്ജറ്റ് അവതരിപ്പിക്കപ്പെടുന്നത് എന്ന് നമുക്ക് അറിയാവുന്നതാണ്. കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് അവരുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി നിരവധി വികസന പ്രവർത്തനങ്ങൾ വിവിധ മേഖലകളിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സർവ്വേ നടത്തുകയും ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ആവശ്യമായ ആഹാരം, ഭവനപുനരുദ്ധാരണം, ചികിത്സ,ഇൻഷുറൻസ്, പെൻഷൻ, മറ്റ് അടിസ്ഥാനരേഖകൾ എന്നിവ ലഭ്യമാക്കി ആയതിൽ 100% നേട്ടം കൈവരിക്കാൻ കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് പദ്ധതിയിലൂടെ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് നിരവധി വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു 32ആം വാർഡിൽ മനസ്സോടിത്തിരിമണ്ണ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭക്ക് ദാനമായിലഭിച്ച 72 സെന്റ് ഭൂമിയിൽ ലയൺസ് ക്ലബ്ബുമായി സഹകരിച്ച് ഭൂരഹിത ഭവനരഹിതർക്ക് 13 വീടുകൾ നിർമ്മിക്കുന്നതിന് കരാറിൽ ഏർപ്പെടുന്നതിന് കഴിഞ്ഞിട്ടുണ്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ജല അതോറിറ്റിയുടെ സഹകരണത്തോടുകൂടി നഗരത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്ന പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു . കല്ലുംകുന്നിലും തെക്കുംഭാഗത്തും രണ്ട് ഹെൽത്ത് വെൽനസ് കേന്ദ്രങ്ങൾ ആരംഭിച്ചു . വിദ്യാഭ്യാസ മേഖലയിൽ പുറ്റിംങ്ങൽ വാർഡിൽ ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സ്കൂൾ കെട്ടിടം, റെയിൽവേ സ്റ്റേഷൻ വാർഡിൽ കോട്ടപ്പുറം എൽ പ് എസ് ന് പുതിയ കെട്ടിടം തെക്കുംഭാഗം സ്കൂൾ ഗ്രൗണ്ടിൽ മൾട്ടിപർപ്പസ് ഫ്ളഡ് ലൈറ്റ് സ്റ്റേഡിയം എന്നിവ നിർമ്മിക്കാൻ സാധിച്ചുസാമൂഹ്യ ക്ഷേമ രംഗത്ത് പുതിയ സ്മാർട്ട് അംഗനവാടികൾ, ബഡ്സ്കൂൾ, പുനർജനി ഷൽട്ടർ ഹോം എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കഴിഞ്ഞു കൂടാതെ കുടുംബശ്രീ. NULM, ഹരിത

കർമ്മ സേന, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുമാലിന്യ സംസ്കരണ പൊതുജനാരോഗ്യ മേഖലയിലെ മികവിന് ജില്ലയിൽ പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേന്ദ്രസർക്കാരിന്റെ ശുചിത്വസർവ്വേയിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന സ്റ്റാറ്റസ്മെച്ചപ്പെടുത്തി മുന്നേറുന്നതിനും ഛഋഉഅ+ പദവിയിലേക്ക് ഉയരുന്നതിനും കഴിഞ്ഞിട്ടുണ്ട് കഴിഞ്ഞ പത്തു വർഷത്തെ സംസ്ഥാനസർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിക്കാൻ കഴിഞ്ഞതിലൂടെ നഗരസഭക്ക് ഉണ്ടായ നേട്ടങ്ങൾ നിലനിർത്തി കൊണ്ട് പോകുന്നതിനും കൂടുതൽ വികസന പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും വരുന്ന 5 വർഷത്തിലൂടെ സാധിച് എടുക്കുന്നതിനും പരവൂരിലെ പൗരന്മാർക്ക് അത് അനുഭവവേദ്യമാക്കുന്നതിനും നമ്മൾ പ്രതിജ്ഞബദ്ധരാണ് .

2026 - 27 സാമ്പത്തിക വർഷം വിവിധ വിഷയ മേഖലകളിൽ നഗരസഭ നടത്തുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു ഉത്പാദന മേഖലയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം നൽകുന്നതിനും മത്സ്യത്തൊഴിലാളി കൾക്ക് ഫൈബർ കട്ടമരം, മത്സ്യ കൂട് കൃഷി, എന്നിവക്കായി 13 ലക്ഷം രൂപയും മൃഗസംരക്ഷണമേഖലയിൽ വെറ്ററിനറിപോളിക്ലിനിക്കിന് മരുന്ന് വാങ്ങുന്നതിന് 5 ലക്ഷം രൂപ, തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് ബഹു സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പോർട്ടബിൾ എ ബി സി സെന്ററുകൾ ഉൾപ്പെടെ തെരുവ്നായ ശല്യം പരിഹരിക്കുന്നതിന് 5 ലക്ഷംരൂപ പോത്തുകുട്ടിവളർത്തൽ, കോഴിവളർത്തൽ, കന്നുകാലിപരിപാലനം എന്നിവക്കായി 27 ലക്ഷം കാർഷിക മേഖലയിൽ ഇടവിള കൃഷി വികസനം, പച്ചകറി തൈ വിതരണം, നെൽകൃഷിവികസനം, ബന്ദിപൂകൃഷി, കുറ്റികുരുമുളക് കൃഷി, തെങ്ങിൻമണ്ടവൃത്തിയാക്കൽ, തുടങ്ങിയ പദ്ധതികൾക്കായി 34 ലക്ഷംരൂപയും, ക്ഷീരമേഖലയിൽ പാലിന് സബ്സിഡി ക്ഷീരവികസനം (ജനറൽ/എസ്സിവിഭാഗക്കാർ) മിനിഡയറി യുണിറ്റ് ആധുനികവത്കരണം, തുടങ്ങിയ പദ്ധതികൾക്കായി 18 ലക്ഷം രൂപ. വനിതാഘടക പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭകഗ്രൂപ്പിനും ആയതിന്റെ സബ്സിഡിക്കുമായി 15 ലക്ഷം വകയിരുത്തുന്നു. സേവനമേഖലയിൽ വയോമിത്രംപദ്ധതിക്കായി 1 ലക്ഷം രൂപയും ലൈഫ് പിഎംഎവൈ ഭവന പദ്ധതിക്കായി ജനറൽ വിഭാഗം ഗുണഭോക്താക്കൾക്കായി 86 ലക്ഷം രൂപയും എസ്സിവിഭാഗം ഗുണഭോക്താക്കൾക്കായി 40 ലക്ഷം രൂപയും വകയിരുത്തുന്നു. . ബഡ്സ്സ്ക്കൂൾ തുടർപ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപയും പുനർജ്ജനിഷെൽട്ടർഹോമിന്റെ തുടർ പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപയും വകയിരുത്തുന്നു. ആശ്രയപദ്ധതിക്കായി 5 ലക്ഷം രൂപയും കേരളോത്സവം സംഘടിപ്പിക്കുന്നതിന് 2 ലക്ഷം രൂപയും വിദ്യാഭ്യാസമേഖലയിൽ സ്കൂളുകൾക്ക് ആവശ്യമായ ഫർണ്ണീച്ചറുകൾ, ലാപ്ടോപ്പുകൾ കുട്ടികൾക്ക് നീന്തൽ പരിശീലനം ലൈബ്രറികളുടെ പ്രവർത്തനം എന്നിവക്കായി 17 ലക്ഷം രൂപയും വകയിരുത്തുന്നു . വിദ്യാഭ്യാസമേഖലയിൽ മികവ്തെളിയിച്ച വിദ്യാർഥികളെയും യുവജനങ്ങളെയും ആദരിക്കുന്നതിനും അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനുമായി മുനിസിപ്പൽ കരിയർ ഗൈഡൻസ് മെറിറ്റ് ഈവനിംഗ് എന്ന നൂതനപദ്ധതിക്ക് 3 ലക്ഷം രൂപയും വകയിരുത്തുന്നു ആരോഗ്യ മേഖലയിൽ രാമറാവുമെമ്മോറിയൽ താലൂക് ആശുപത്രിയിൽ പാലിയേറ്റിവ്കെയറിനു 5 ലക്ഷം രൂപ, മരുന്ന് വാങ്ങുന്നതിന് 15 ലക്ഷം രൂപ, ജീവിതശൈലിരോഗ നിയന്ത്രണം 5 ലക്ഷം രൂപ ക്ലിനിക്കൽ ലാബിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനു 10 ലക്ഷം രൂപ ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമായ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനും, ഡോക്ടർ ഫാർമസിസ്റ്റ് എന്നിവരുടെ വേതനം എന്നിവക്കായി 36 ലക്ഷം രൂപയും വകയിരുത്തുന്നു പൊഴിക്കര ഫാമിലി ഹെൽത്ത്സെന്ററിൽ സബ്സെന്ററുകളുടെ ആവർത്തന ചെലവുകൾ, ജീവിത ശൈലിരോഗപ്രതിരോധം പാലിയേറ്റിവ് പരിചരണം ലാബ് അനുബന്ധ ചെലവുകൾ താത്കാലിക ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരുടെ വേതനം തുടങ്ങിയവക്കായി 42 ലക്ഷം രൂപ, ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതിനു 30 ലക്ഷം രൂപ പകർച്ച വ്യാധിപ്രതിരോധത്തിന് 2 ലക്ഷം രൂപ പാലിയേറ്റിവ്കെയറിനു 5 ലക്ഷം രൂപ ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതിനു 8 ലക്ഷം രൂപ ക്ഷയരോഗികൾക്ക് പോഷകാഹാരകിറ്റിന് 3 ലക്ഷം രൂപ എന്നിങ്ങനെ തുക വകയിരുത്തുന്നു . സാമൂഹ്യക്ഷേമ മേഖലയിൽ അംഗനവാടി

അനുപൂരക പോഷകാഹാര വിതരണത്തിനായി 35 ലക്ഷം രൂപ ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവരുടെ ക്ഷേമത്തിനായി 16 ലക്ഷം രൂപ വകയിരുത്തുന്നു. പട്ടികജാതിപട്ടിക വർഗ്ഗക്ഷേമത്തിൽ വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് 15 ലക്ഷം രൂപ ഭവനപുനരുദ്ധാരണത്തിന് 64 ലക്ഷം രൂപ വിദ്യാർഥികൾക്ക് പഠനമുറി 60 ലക്ഷം രൂപ, വിവാഹധനസഹായം 5 ലക്ഷം രൂപയും വകയിരുത്തുന്നു . കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആയതിന്റെ തുടർച്ചക്കായി 3 ലക്ഷം രൂപയും അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതക്ക് അനുസരിച്ചു തൊഴിൽ നൈപുണ്യ പരിശീലനം നടത്തി തൊഴിൽ ഉറപ്പ് വരുത്തുന്ന സംസ്ഥാന ഗവൺമെൻറിൻറെ പദ്ധതി വിജ്ഞാനകേരളത്തിൻറെ നടത്തിപ്പിനായി 1 ലക്ഷം രൂപ വകയിരുത്തുന്നു. തുല്യതാപഠനത്തിന് 1 ലക്ഷം രൂപ വകയിരുത്തുന്നു.

ശുചിത്വമാലിന്യസംസ്കരണമേഖലയിൽ നടപ്പു വർഷത്തെ പദ്ധതിനിർവ്വഹ പുരോഗതി മുൻവർഷത്തെ അപേക്ഷിച്ചു വളരെ കുറവാണ് കേന്ദ്രധനകാര്യ കമ്മീഷൻ ടൈഡ്ഗ്രാന്റ് ആണ് മേഖലയിൽ ഉപയോഗപ്പെടുത്തുന്നത്. ടി ഫണ്ട് യഥാസമയം ലഭിക്കാത്ത തിനാലാണ് ആയതു സംഭവിച്ചത് എന്നാൽ ഫെബ്രുവരി 27 നു ടി ഫണ്ട് ലഭിച്ചിട്ടുള്ളതാണ്. ഗാർഹിക ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനു ജിബിന്നുകളുടെ വിതരണത്തിനായി 43 ലക്ഷം രൂപ ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവപാഴ് വസ്തുക്കളിൽ നിന്ന് പുനചംക്രമണത്തിന് കഴിയാത്തവ കൈമാറുന്നതിനു 10 ലക്ഷം രൂപ ഹരിത സഹായസ്ഥാപനത്തിന്റെ സേവനത്തിനു 4 ലക്ഷം രൂപ ഹരിതകർമ്മസേന ശുചീകരണതൊഴിലാളികൾ എന്നിവർക്ക് സുരക്ഷാസാമഗ്രികൾ, യൂണിഫോം എന്നിവക്ക് 5 ലക്ഷം ഹരിതകർമ്മസേനക്ക് പാഴ് വസ്തുനീക്കം ചെയ്യുന്നതിന് പുഷ്കാർട്ട് വാങ്ങുന്നതിനു 15 ലക്ഷം രൂപ ഗാർഹിക മാലിന്യങ്ങൾ തരംതിരിച് നിക്ഷേപി ക്കുന്നതിന് ബിന്നുകൾ വാങ്ങി നൽകുന്നതിന് 10 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്ന ത്തിനു നിർദ്ദേശമുണ്ട് . കൂടാതെ മിനി എം സി എഫുകൾ പൊതുശൗചാലയങ്ങൾ, എംസിഎഫ് ആർആർഎഫ് എന്നിവയുടെ നിർമ്മാണം, പൊതുകുളങ്ങളുടെ CCTV ക്യാമറസ്ഥാപിക്കൽ, സെക്യൂരിറ്റിനിയമനം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ ഗ്രാൻഡ് ലഭിച്ച സാഹചര്യത്തിൽ ഡി മേഖലയിലെ പദ്ധതികൾ ധൃതഗതിയിൽ പൂർത്തീകരിക്കുന്നതാണ്.

പശ്ചാത്തലമേഖലയിൽ ആയുർവേദ ആശുപത്രിയിൽ അറ്റകുറ്റപണികൾ, ഗേറ്റ് സ്ഥാപിക്കൽ 20 ലക്ഷം രൂപ പേവാർഡിൽ ലിഫ്റ്റ് സംവിധാനം 10 ലക്ഷം,ഡയാലിസിസ് യൂണിറ്റ് ഇലക്ട്രിഫിക്കേഷൻ 2 ലക്ഷം വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം അംഗനവാടികൾ സ്മാർട്ട് ആക്കുന്നതിനു 10 ലക്ഷം രൂപ നഗരത്തിൽ എത്തുന്ന സ്ത്രീകൾക്ക് വിശ്രമിക്കാനും സുരക്ഷിതമായി പാർക്കുന്നതിനും വിഭാവനം ചെയ്ത ഷീലോഡ്ജിന്റെ നിർമ്മാണത്തിന് 34 ലക്ഷം രൂപ നഗരസഭയിലെ വിവിധ റോഡുകളുടെ മെയിന്റനൻസ് വർക്കുകൾക്കായി 3 കോടിരൂപയും വകയിരുത്തുന്നു.

വിഷൻ പരവൂർ 2050

ഭൂതകാലങ്ങളിൽ പരവൂർ പ്രദേശം ഒരു മികച്ച വ്യാപാര കേന്ദ്രമായി അറിയപ്പെടുകയും ധാരാളം ആളുകൾ മറ്റ് സ്ഥലങ്ങളിൽ നിന്നും ഇവിടേയ്ക്ക് വരുകയും പ്രൌഢമായ ഒരു വാണിജ്യ കേന്ദ്രമായും, സാമ്പത്തിക വിഭവ മേഖലയായും വിരാജിച്ചിരുന്നു. എന്നാൽ ആധുനിക യുഗത്തിൽ സ്ഥിതിമാറി. മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും മനുഷ്യരുടെ കൈയ്യെത്തും ദൂരത്ത് ലഭ്യമായ സാഹചര്യത്തിൽ മറ്റ് പ്രദേശങ്ങൾ കൂടുതൽ ശ്രദ്ധിക്കപ്പെടുകയും അതാത് ഇടങ്ങളിൽ തന്നെ നഗരസ്വഭാവമുള്ള മേഖലകളായി ദ്രുതഗതിയിൽ വികസിക്കുകയും ചെയ്തപ്പോൾ പരവൂർ പോലുള്ള സ്ഥലങ്ങളിൽ വികസന മുരടിപ്പുണ്ടായി എന്നത് വസ്തുതയാണ്. നമുക്ക് വലിയ വ്യാപാര സമുച്ചയങ്ങളോ കെട്ടിടങ്ങളോ, സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ മേഖലകളിൽ ഉള്ള ഓഫീസ് സംവിധാങ്ങളോ, ടെക്നോ പാർക്ക് ഇൻഫോപാർക്ക് പോലുള്ള വിവര വിജ്ഞാന കേന്ദ്രങ്ങളോ, വ്യാപാര വ്യവസായ കേന്ദ്രങ്ങളോ ഇല്ലാത്ത സാഹചര്യമാണ്. എന്നാൽ നമ്മുടെ പരവൂർ അറബിക്കടലിനോട് ചേർന്ന് കൊല്ലം ജില്ലയുടെ തെക്കു പടിഞ്ഞാറ് ഭാഗത്ത് കടലും കായലും ഒരുമിച്ച് ചേരുന്ന പ്രകൃതി സുന്ദരമായ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ്. പരവൂരിൻറെ മുന്നോട്ടുള്ള വികസന കുതിപ്പിന്

ടൂറിസം മേഖലയുടെ പങ്ക് വളരെ വലുതാണ്. അത് പ്രയോജനപ്പെടുത്തുന്നതിന് വരുന്ന വർഷങ്ങളിൽ ക്രിയാത്മകമായ പദ്ധതികളിലൂടെ ടൂറിസം വികസനം യാഥാർത്ഥ്യമാക്കാൻ നമുക്ക് പരിശ്രമിക്കണം. അതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഓരോ അംഗങ്ങൾക്കും, പൊതുസമൂഹത്തിനും അവരുടേയതായ നിർദ്ദേശങ്ങൾ പദ്ധതികളായി രേഖാമൂലം തന്നെ നൽകാവുന്നതാണ്. ആയത് ക്രോഡീകരിച്ച് പ്രത്യേകമായ ടൂറിസം കോൺക്ലേവ് വിളിച്ച് ചേർത്ത് ഡി പി ആർ തയ്യാറാക്കി നടപ്പിലാക്കും.

നഗരസഭ ആഫീസ് സംവിധാനം പ്രവർത്തിക്കുന്നത് കെ സ്മാർട്ട് ഓൺലൈൻ സിസ്റ്റത്തിലൂടെയാണ്. സാധാരണക്കാരായ പൗരൻമാർക്ക് നൂതന സമ്പ്രദായങ്ങളിൽ വിമുഖതയുള്ളവരോ അജ്ഞതയുള്ളവരോ ആയിരിക്കാം, അവർക്ക് കാര്യക്ഷമമായ സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് നഗരസഭ ഓഫീസിൽ ഒരു സിറ്റിസൺ ഫേസിലിറ്റേഷൻ സെൻറർ സ്ഥാപിക്കുന്നതാണ്. കുടുംബശ്രീ പ്രവർത്തകരെ ഹെൽപ്പ് ഡെസ്ക് സംവിധാനത്തിൽ പങ്കാളികളാക്കുന്നതാണ്.

നഗരസഭയുടെ വിവിധ കേന്ദ്രങ്ങളിൽ വയോജനങ്ങളുമായി സംവദിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള സംവിധാനം ഒരുക്കും. വയോജന പരിപാലനത്തിന് വോളൻറിയർ ബാങ്ക്, ടൈം ബാങ്ക് എന്നിവ രൂപീകരിച്ചുകൊണ്ട് കുട്ടികൾക്കും യുവാക്കൾക്കും വയോജനങ്ങളുമായി സംവദിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള സംവിധാനം ഒരുക്കൽ . ഒറ്റപ്പെട്ട വയോജനങ്ങളുടെ സേഫ്റ്റി ഓഡിറ്റ് നടത്തും. നഗരസഭ ആശുത്രികളിൽ വയോജനങ്ങൾക്ക് സൗകര്യപ്രദമായി പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്തും. ഐക്യരാഷ്ട്ര സംഘടന 1991 ഡിസംബർ 16 ന് പുറത്തിറക്കിയ വയോജന അവകാശ പത്രിക പ്രകാരവും അവരുടെ സ്വാതന്ത്ര്യം, അന്തസ്സ്,പങ്കാളിത്തം, സംരക്ഷണം, ആത്മ സംതൃപ്തി എന്നിവ സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്.

ഐക്യരാഷ്ട്രസഭ കുട്ടികളുടെ അവകാശങ്ങൾ 1989 ൽ അവകാശ ഉടമ്പടിയായി അംഗീകരിച്ചിട്ടുണ്ട്. നമ്മുടെ പരവൂരും ബാലസൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നു. കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ സംരക്ഷിക്കപ്പെടണം ആയതിന് മുഴുവൻ കുട്ടികളേയും സ്ത്രീകളേയും ഗർഭിണികളേയും ഐ സി ഡി എസ് ന് കീഴിൽ കൊണ്ട് വരുകയും അവർക്ക് ഗുണനിലവാരമുള്ള പോഷക ആഹാരം ഉറപ്പ് വരുത്തും. പി റ്റി എ. എസ് എം എൽ വഴിവിദ്യാഭ്യാസത്തിൻറെ ഗുണനിവാരം ഉറപ്പുവരുത്തുകയും കുട്ടികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുകയും ബോധവത്കരണവും, ചികിത്സയും ഉറപ്പാക്കും. നഗരസഭ ഭരണത്തിൽ കുട്ടികളുടെ അഭിപ്രായം പരിഗണിക്കുകയും, വിദ്യാർത്ഥി സൗഹൃദ ഓഡിറ്റിന് വിധേയമാക്കും.

ഭിന്നശേഷിക്കാർക്കുള്ള ദേശീയ അവകാശ നിയമം നിലവിൽ വന്ന പശ്ചാത്തലത്തിൽ ഓരോ തരം ഭിന്നശേഷികളേയും വ്യത്യസ്ഥരായി പരിഗണിച്ച് ഡേറ്റാബയ്സ് തയ്യാറാക്കും. അവർക്കായി പ്രത്യേകം, പ്രത്യേകം പദ്ധതികൾ തയ്യാറാക്കും 5 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും കേൾവി, കാഴ്ച്ച, എന്നിവ പരിശോധന നടത്തി കുറവ് പരിഹരിക്കും. ഭിന്നശേഷിക്കാർക്കായി തൊഴിൽ നൈപുണ്യ പരിശീലനം നൽകി അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തും.

ജെൻഡർ ബജറ്റിംഗ്

1. സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾമറ്റ് വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽകൂട്ടായ്മ രൂപീകരിക്കും.
2. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്ഥിരമായ തൊഴിൽപരിശീലനങ്ങൾ സംഘടിപ്പിക്കും.
3. നഗരസ്വഭാവത്തിന് അനുസൃതമായ പുതിയ കുടുംബശ്രീ സംരംഭങ്ങൾ ആസൂത്രണം ചെയ്യും.

4. അയൽക്കൂട്ടങ്ങളെയും റസിഡൻസ് അസോസിയേഷനുകളെയും കേന്ദ്രീകരിച്ചിട്ടുള്ള ലിംഗ നീതിവിദ്യാഭ്യാസം നടത്തും
5. സ്ത്രീകൾക്ക് വ്യായാമം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കും.
6. വിധവകൾ ട്രാൻസ്ജെൻഡറുകൾ അവിവാഹിതരായ സ്ത്രീകൾ തുടങ്ങിയവർക്ക് സ്വന്തമായ സംരംഭക പിന്തുണകൾ ഒരുക്കും.

സാംസ്കാരികരംഗം

ദേവരാജഗരിമ

കേരളത്തിന്റെ സംഗീതഭൂമികയിൽ സംഗീതംകൊണ്ട് പുതുചരിതം തീർത്ത മലയാള സിനിമ സംഗീതത്തിന് വെൺകൊറ്റ കൊടി തീർത്ത് പാരാകെ സംഗീതക്കൊടി പാറിച്ച നവസംഗീത വഴിയിലൂടെ കേരളത്തിന്റെ സംഗീതശൈലിക്ക് ഊടുംപാവും പകർന്ന പരവൂരിന്റെ സ്വന്തം ദേവരാജൻ മാസ്റ്റർ ആ മഹാനുഭാവന്റെ പാട്ടുകളെയും സംഗീതസംഭാവനകളെയും പുതുതലമുറക്കും കേരളജനതയ്ക്കും എന്നും ഓർക്കാനായി നഗരസഭ വിപുലമായ പരിപാടികൾ ഒരുക്കാൻ ആഗ്രഹിക്കുകയാണ്. ആയതിലേക്ക് പരിപാടിയുടെ നടത്തിപ്പിനായി തുക മാറ്റിവയ്ക്കുന്നു.

മഹാകവി കെ.സി കേശവപിള്ള, വി. കേശവനാശാൻ എന്നിവരുടെ ഓർമ്മകൾ നില നിർത്തുവാനും, വിപുലമായ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി തുക മാറ്റിവയ്ക്കുന്നു.

നഗരപരിധിയിലെ അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണംചെയ്യും.

പശ്ചാത്തല വികസനം

നഗരസഭയിലെ 32 വാർഡുകളിലെയും തകർന്ന് കിടക്കുന്ന റോഡുകൾ അറ്റകുറ്റപ്പണി പൂർത്തീകരിക്കും. പ്രധാന റോഡുകൾ **BM&BC** നിലവാരത്തിൽ ഘട്ടം ഘട്ടമായി പണിപൂർത്തീകരിക്കും. CSR ഫണ്ട് ഉപയോഗിച്ചും പ്രധാന റോഡുകൾ നവീകരിക്കും.

നഗരപരിധിയിൽ നഗരസഭയുടെ 32 വാർഡുകളിലും പുതിയ റോഡുകൾ ഇന്റർലോക്ക്, കോൺക്രീറ്റ് ചെയ്ത് വൃത്തിയാക്കും.

നഗരസഭയിലെ ഉപയോഗശൂന്യമായ കിണറുകൾ, കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കാൻ നടപടിയെടുക്കും.

നഗരവികസനം യാഥാർത്ഥ്യമാക്കാൻ നിക്ഷേപകരെയും വൻകിടസംരംഭകരെയും ആകർഷിക്കാനായി നിക്ഷേപസംഗമം സംഘടിപ്പിക്കും. പരവൂരിലെയും പരിസരത്തെയും പ്രവാസികളുടെ നിക്ഷേപവും യുവജനങ്ങളുടെ നൂതന ആശയങ്ങളും ഒന്നിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നാളീകേരം, ജൈവവളങ്ങൾ തുടങ്ങിയ മേഖലകളിൽ കാർഷികമൂല്യവ്യവസായങ്ങൾ, വേസ്റ്റ് മാനേജ്മെന്റ്, നഗരസഭയ്ക്ക് സഹായകരമാക്കുന്ന രീതിയിലുള്ള റീസൈക്ലിംങ് യൂണിറ്റുകൾ, ഫുഡ് പ്രൊസസിങ്ങ് യൂണിറ്റുകൾ, പ്രാദേശികമായി ലഭ്യമാകുന്ന പഴങ്ങൾ പച്ചക്കറികളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ എന്നിവ യാഥാർത്ഥ്യമാക്കാൻ ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കും, പ്രവാസികൾ, പ്രാദേശികവ്യാപാരികൾ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, പുതിയ ആശയങ്ങൾ ഉള്ള യുവാക്കൾ, നിലവിൽ ബിസിനസ് വിപുലീകരിക്കാൻ ആഗ്രഹിക്കുന്നവർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർക്ക് സംരംഭകരായി വരുന്നവർക്ക് സഹായം നൽകും.

പരവൂർ നഗരസഭ മേഖലയിൽ ചാത്തന്നൂരിന്റെ ബഹുമാനപ്പെട്ട ജി.എസ് ജയലാൽ എം.എൽ.എ യുടെ നേതൃത്വത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ഒട്ടനവധി വികസനപ്രവർത്തനങ്ങൾ നടന്നു. പരവൂർ നിവാസികളുടെ ദീർഘകാലത്തെ ആവശ്യമായിരുന്ന ഒല്ലാൽ മേൽപ്പാലം ഭൂമി ഏറ്റെടുക്കുന്ന ഘട്ടത്തിലാണ്. വർഷങ്ങളായി നമ്മുടെ ആവശ്യമായിരുന്ന പരവൂർ മയ്യനാട് പാലം കഴിഞ്ഞ സംസ്ഥാന ബജറ്റിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ട തുക വകയിരുത്തി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പരവൂർ ആയിരവില്ലി യു.പി.എസ് കെട്ടിട നിർമ്മാണം പൂർത്തിയായി, പരവൂർ ജി.എച്ച്.

എസ് ഗ്രൗണ്ട് നവീകരകരിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. തെക്കുംഭാഗം സ്കൂൾ കെട്ടിട നിർമ്മാണം നടന്നുവരുന്നു. പരവൂർ മാർക്കറ്റ് നവീകരണം നടന്നുവരുന്നു.
കഴിഞ്ഞ 5 വർഷക്കാലം പരവൂരിന്റെ ആരോഗ്യ, വിദ്യാഭ്യാസ, കായിക മേഖലകളിലും അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി ദയാബ്ജി കിഴക്കിടം റോഡും പാറയിൽക്കാവ് നെടുങ്ങോലം വൈദ്യശാലറോഡും എം.എൽ.എ ഫണ്ടിൽ നിന്നും തുക വകയിരുത്തി. പരവൂർ നഗരസഭയുടെ സമഗ്രവികസനം ലക്ഷ്യം വച്ച് അതിന് വേണ്ടുന്ന ഇടപെടലുകൾ നടത്തിയും നിർദ്ദേശങ്ങൾ നൽകിയും എം.എൽ.എ നമ്മുടെ കൂടെയുണ്ട്.

2026/2027 കരട് ബജറ്റ് പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ

1	ബസ്സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സ് വികസനം	90000000
2	റോഡ് വികസനം	30739000
3	മത്സ്യമേഖല	1385000
4	മൃഗസംരക്ഷണം	4306000
5	കൃഷി വികസനം	4159620
6	ക്ഷീര വികസനം	2200000
7	ലൈഫ് ഭവനപദ്ധതി	12600000
8	ഷീ ലോഡ്ജ്	3400000
9	സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം	1000000
10	അംഗൻവാടികൾ സ്മാർട്ട് അംഗൻവാടി ആക്കൽ	70000
11	ടൂറിസം മേഖല	1500000
12	വിദ്യാഭ്യാസം/സാംസ്കാരികം	2100000
13	വ്യവസായം	1420000
14	വാക്വേ	200000
15	ആരോഗ്യമേഖല	8000000
16	ദേവരാജൻ മാസ്റ്റർ, സി. കേശവൻ ആശാൻ, കെ.സി കേശവപിള്ള സാംസ്കാരിക കേന്ദ്രങ്ങൾ	1000000

202627 കരട് ബഡ്ജറ്റിൽ 9,70,74,899/ (ഒൻപത് കോടി എഴുപത് ലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒൻപത്) രൂപ മുൻബാക്കിയും റവന്യൂ വരവ് 29,78,80,000/(ഇരുപത്തി ഒൻപത് കോടി എഴുപത്തി എട്ട് ലക്ഷത്തി എൺപതിനായിരം) രൂപയും മൂലധന വരവ് 37,13,32,957/ (മുപ്പത്തി ഏഴ് കോടി പതിമൂന്ന് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി അൻപത്തി ഏഴ്) രൂപയുമായി ആകെ വരവ് 76,62,87,856/ (എഴുപത്തി ആറ് കോടി അറുപത്തി രണ്ട് ലക്ഷത്തി എൺപത്തി ഏഴായിരത്തി എണ്ണൂറ്റി അൻപത്തി ആറ്) രൂപയും, ആകെ ചെലവ് 67,67,09,100/ (അറുപത്തി ഏഴ് കോടി അറുപത്തി ഏഴ് ലക്ഷത്തി ഒൻപതിനായിരത്ത ഒരുനൂറ്) രൂപയും 8,95,78,756/ (എട്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി എഴുന്നൂറ്റി അൻപത്തി ആറ്) രൂപ നീക്കി ബാക്കിയും പ്രതീക്ഷിച്ചുകൊണ്ട് 202627 വർഷത്തേയ്ക്കുള്ള കരട് ബഡ്ജറ്റ് ബഹു. കൗൺസിൽ മുൻപാകെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ആമിന. എച്ച്
വൈസ് ചെയർപേഴ്സൺ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

28-02-2026 ലെ 01-ാം നമ്പർ തീരുമാനത്തിന്റെ ശരി പകർപ്പ്

പരവൂർ നഗരസഭയുടെ 9,70,74,899/ രൂപ മുൻബാക്കിയും റവന്യൂ വരവ് 29,78,80,000/ രൂപയും മൂലധന വരവ് 371332957/ രൂപയുമായി ആകെ വരവ് 76,62,87,856/രൂപയും,ആകെ ചെലവ് 67,67,09,100/ രൂപയും 8,95,78,756/ രൂപ നീക്കി ബാക്കിയും പ്രതീക്ഷിച്ചുകൊണ്ട് 2026/2027 വർഷത്തേക്കുള്ള കരട് ബജറ്റ് ബഹു. കൗൺസിൽ മുമ്പാകെ അംഗീകാരത്തി നായി സമർപ്പിക്കുന്നു.

ആമിന. എച്ച്
വൈസ് ചെയർപേഴ്സൺ

Scale of Pay regular Employees As on 01.01.2021

Sl. No.	Category	Sactioned	Existing	Vacant	Scale of Pay	Source
1	Municipal Secretary	1	1	0	55200-115300	Own Fund - Revenue Receipts
2	Superientendent	1	1	0	45600-95600	Own Fund - Revenue Receipts
3	Revenue Inspector	2	2	0	39300-83000	Own Fund - Revenue Receipts
4	Accountant	1	1	0	39300-83000	Own Fund - Revenue Receipts
5	Sr. Clerk	7	7	0	35600-75400	Own Fund - Revenue Receipts
6	Clerk	7	7	0	26500-60700	Own Fund - Revenue Receipts
7	Clerk (Supernumerary Post)	1	1	0	19000-43600	Own Fund - Revenue Receipts
8	Selection Grade Typist	1	1	0	39300-83000	Own Fund - Revenue Receipts
9	LD Typist (Supernumerary Post)	2	2	0	26500-60700	Own Fund - Revenue Receipts
10	Office Attendant	4	4	0	23000-50200	Own Fund - Revenue Receipts
11	Driver	2	2	0	25100-57900	Own Fund - Revenue Receipts
12	Cleancity Manager	1	1	0	51400-110300	Own Fund - Revenue Receipts
13	Sr. Public Health Inspector I	1	1	0	43400-91200	Own Fund - Revenue Receipts
14	Sr. PublicHealth Inspector II	1	1	0	41300-87000	Own Fund - Revenue Receipts
15	Public Junior Health Inspector I	1	1	0	37400-79000	Own Fund - Revenue Receipts
16	Publicr Health Inspector II	3	3	0	31100-66800	Own Fund - Revenue Receipts

പരവൂർ നഗരസഭ

2026-2027 സാമ്പത്തിക വർഷത്തെ

കരട് ബജറ്റ്

Draft Budget

for the Financial Year 2026-27

Paravur Municipality Budget for the Financial Year 2026-27

BUDGET SUMMARY

Si No.	Item	Budget for the Current Year 2025-2026	Budget For the Next Year 2026-2027
1	മുൻ നീക്കിയിരിപ്പ്	103906903	97074899
2	റവന്യൂ വരവുകൾ	301822445	297880000
3	മൂലധന വരവുകൾ	354368011	371332957
4	ആകെ വരവുകൾ	656190456	669212957
5	**മുൻ ബാക്കി ഉൾപ്പെടെ ആകെ വരവുകൾ**	**760097359**	**766287856**
6	റവന്യൂ ചെലവുകൾ	537357813	457372900
7	മൂലധന ചെലവുകൾ	125664647	219336200
8	**ആകെ ചെലവുകൾ**	**663022460**	**676709100**
9	ദാരിദ്ര്യ നിർമ്മാർജന ഫണ്ട്	40550000	50000000
10	**നീക്കി ബാക്കിയിരിപ്പ് (5-8)**	**97074899**	**89578756**

പദ്ധതി ചെലവുകൾക്കുള്ള വരവുകൾ 2026/2027

1	വികസന ഫണ്ട്	52937000
2	വികസന ഫണ്ട് എസ് സി പി	24513000
3	മെയിന്റെനൻസ് ഫണ്ട് റോഡ്	30739000
4	മെയിന്റെനൻസ് ഫണ്ട് നോൺ റോഡ്	30965000

മേഖല തിരിച്ചുള്ള പദ്ധതി ചെലവ് 2026/2027

1	ഉത്പാദന മേഖല	12556620
2	സേവന മേഖല	68429590
3	പശ്ചാത്തല മേഖല	33791200

Paravur Municipality Draft Budget for the Financial Year 2026-27

Si No.	HEAD OF ACCOUNTS	PREVIOUS BUDGET DATA 2025/2026	BUDGET DATA 2026/2027
I	**Opening Balance**	**103906903**	**97074899**
	Revenue Receipt - 1		
	Tax Revenues - 110		
1	1100101 Property Tax (General)	25000000	26000000
2	1100102 Service Cess u/rule 26	3500000	3640000
3	1100104 Service Charge on Central Govt Buildings u/rule 30	250000	250000
4	1100105 Fees on Buildings for Special Services u/rule 29	50000	50000
5	1101001 Profession Tax – Employees	3000000	3000000
6	1101002 Profession Tax - Traders/ Institutions	2250000	2250000
7	1108001 Theatre/ Show Tax	100000	100000
8	1108004 Entertainment Tax	200000	200000
9	1108099 Other Taxes	50000	50000
	Total Tax Revenues	**34400000**	**35540000**
	Fees and User Charges - 140		
10	1401001 Private Hospital & Paramedical Institutions Registration Fee	15000	15000
11	1401002 Tutorial College Registration Fee	2000	2000
12	1401003 Contractor Registration Fee	6000	6000
13	1401099 Other Empanelment & Registration Charges	2000	2000
14	1401101 License Fees for IFTEOS	950000	1000000
15	1401102 License Fees for Lodge	2000	2000

16	1401103 License Fees under P.P.R ACT	5000	5000
17	1401104 License Fees under Cinema Regulation Act	2500	2500
18	1401105 License fee for Domestic Animals	10000	10000
19	1401106 License Fees for Domestic Dogs	10000	10000
20	1401199 Other Licensing Fees	75000	75000
21	1401201 Fees for Construction of Buildings	2500000	2800000
22	1401202 Fees for Installation of Machinery	2500	2500
23	1401203 Permit Application fee	200000	2200000
24	1401205 Fees for Erection of Telecommunication Tower	25000	25000
25	1401301 Fees for Birth & Death Certificate	7000	7000
26	1401302 Fees for Delayed Registration - Birth & Death	3000	3000
27	1401303 Fees for Marriage Certificate	5000	5000
28	1401304 Fee for Marriage Registration	25000	25000
29	1401305 Fee for Non Availability Certificate	1500	1500
30	1401306 Fee for Correction in Registration	2000	2000
